(ബി) കോഴിക്കോട് ജില്ലയിൽ ഈ പദ്ധതിയിൽ എം.ഒ.യു. ഒപ്പുവച്ചതും ഇപ്പോഴും പദ്ധതിയിൽ തടരുന്നതുമായ സഹകരണ സ്വകാര്യ ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതിൽപ്പെടാത്തതും നേരത്തെ എം.ഒ.യു. ഒപ്പിട്ടതുമായ ശാന്തി ആശുപത്രിയെ പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) നവജാത ശിശുക്കൾക്കും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുന്നുണ്ട്.

ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് നടപടി

66(2318) ശ്രീ. കെ. ബാബു :
ശ്രീ. എം. മുരളി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) സ്വകാര്യ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ ഇവർക്ക് ചികിത്സ ലഭ്യമാക്കുന്നതിനായി പ്രസ്തുത ആശുപത്രികളുമായി എന്തൊക്കെ കരാറുകളാണ് ഉണ്ടാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(സി) ഇ.എസ്.ഐ.-യുടെ കീഴിൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) ഇതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 7 ലക്ഷത്തോളം വരുന്ന ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

1. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ 137 ഡിസ്പെൻസറികളിൽ 91 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ ഡിസ്പെൻസറികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുകയെന്ന പദ്ധതിക്കായി പുതിയ സ്ഥലങ്ങൾ കണ്ടെത്തി ഇ.എസ്.ഐ. കോർപ്പറേഷനെ അറിയിക്കുന്ന നടപടി പുരോഗമിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് സൗജന്യമായി മെച്ചപ്പെട്ട ചികിത്സ നൽകുന്നതായി നല്ല നിലയിൽ പ്രവർത്തിക്കുന്ന അതിനൂതന സൗകര്യങ്ങൾ ഉള്ള 63 സ്വകാര്യ ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കായും 32 സ്വകാര്യ ആശുപത്രികളെ സ്പെഷ്യാലിറ്റി ചികിത്സയ്ക്കായും എംപാനൽ ചെയ്തിട്ടുണ്ട്.

3. ആശുപത്രി വികസന സമിതികൾ രൂപീകരിച്ചതുവഴി അതാത് ഇ.എസ്.ഐ. ആശുപത്രികളുടെ വികസനത്തിന് ആവശ്യമായ സൗകര്യങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനും ആശുപത്രി ഉപകരണങ്ങൾ കാലതാമസം കൂടാതെ വാങ്ങുന്നതിനും സാധിച്ചിട്ടുണ്ട്.

4. പാരിപ്പള്ളി ഇ.എസ്ഐ. ആശുപത്രി മെഡിക്കൽ കോളേജായും എഴുകോൺ ഇ.എസ്.ഐ. ആശുപത്രി, ഉദ്യോഗമണ്ഡൽ ഇ.എസ്.ഐ. ആശുപത്രി എന്നിവ യഥാക്രമം ദന്തൽ, നഴ്സിംഗ് കോളേജുകളായി ഉയർത്തുന്നതിനും നടപടി സ്വീകരിച്ചു.

5. ഓരോ ഇ.എസ്.ഐ. ഗുണഭോക്താവിനും ലഭിക്കുന്ന തിരിച്ചറിയൽ കാർഡ് മുഖേന രാജ്യത്തെ ഏത് ഇ.എസ്.ഐ. സ്ഥാപനത്തിൽ നിന്നും ചികിത്സ ലഭ്യമാക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതാണ്.

(ബി) സ്വകാര്യ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളുമായുള്ള കരാറിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പാരിപ്പള്ളിയിൽ പ്രവർത്തിച്ചിരുന്ന ഇ.എസ്.ഐ. ആശുപത്രി മെഡിക്കൽ കോളേജാക്കി മാറ്റുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2012 മാർച്ചോടെ പൂർത്തിയാവുമെന്നാണ് ഇ.എസ്.ഐ. കോർപ്പറേഷൻ അറിയിച്ചിരിക്കുന്നത്.

(ഡി) ഇതിനാവശ്യമായ 30 ഏക്കർ സ്ഥലം പാരിപ്പള്ളിയിൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ അധീനതയിൽ തന്നെയുണ്ട്.

ഇ.എസ്.ഐ. മെഡിക്കൽ കോളേജിന്റെ നിർമ്മാണ പുരോഗതി

67 (2319) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി പാരിപ്പള്ളിയിൽ ആരംഭിക്കുന്ന ഇ.എസ്.ഐ. മെഡിക്കൽ കോളേജിന്റെ ആവശ്യത്തിലേക്കായി എത്ര ഏക്കർ സ്ഥലം വിട്ടു കൊടുത്തിട്ടുണ്ട് ; ആയത് സൗജന്യമായി നൽകിയതാണോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly